# കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് ലിമിറ്റഡ്

(ഒരു കേരള സർക്കാർ സ്ഥാപനം)

ഒരു ഐഎസ്ഒ 9001 : 2008 സർട്ടിഫൈഡ് കമ്പനി


തീയതി:02.08.2018

നം.പി.എം.എ /10/2014/Vol.II

## പുനർ -ക്വട്ടേഷൻ നോട്ടീസ്

കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ (കെ.എൽ.ഡി ബോർഡ്) പട്ടത്തുള്ള
ആസ്ഥാന മന്ദിരത്തിലും,കുടപ്പനക്കുന്നിലുള്ള സെന്റർ ഫോർ അപ്ലൈഡ് ലൈവ്
സ്റ്റോക്ക് ജീനോമിക്സ് ലാബിലും സുരക്ഷാ ക്രമീകരണ ജോലികൾ ഒരു വർഷ
ത്തേയ്ക്ക് കരാർ വ്യവസ്ഥയിൽ ഏറ്റെടുത്തു നടത്തുന്നതിന് താൽപ്പര്യമുള്ള അംഗീ
കൃത ഏജൻസികളിൽ നിന്നും മിനിമം വേതന നിയമമനുസരിച്ച് ക്വട്ടേഷനുകൾ
ക്ഷണിച്ചുകൊള്ളുന്നു.

### ഇതു സംബന്ധിച്ച വിശദാംശങ്ങൾ,വ്യവസ്ഥകൾ,നിബന്ധനകൾ എന്നിവ താഴെപ്പറയുന്നു.

1. കേരള ലൈവ്സ്റ്റോക്ക് ഡവലപ്മെന്റ് ബോർഡിന്റെ ഓഫീസുകളിൽ 24 മണി
ക്കൂർ സുരക്ഷാ ക്രമീകരണ സേവനം ഏർപ്പെടുത്തുന്നതിന് നിയമാനുസരണം
അംഗീകാരം ലഭിച്ചിട്ടുള്ള ഏജൻസികൾക്ക് ക്വട്ടേഷനുകളിൽ പങ്കെടുക്കാവുന്ന
താണ്. രണ്ട് ഓഫീസുകളിലേയ്ക്കും മിനിമം വേതന നിയമമനുസരിച്ച് നിരക്കു
കൾ പ്രത്യേകം കാണിച്ചിരിക്കേണ്ടതും ഒറ്റ കവറിൽ സമർപ്പിക്കേണ്ടതുമാണ്.

2. സർക്കാർ ഉത്തരവ് നം.സ.ഉ (അച്ചടി) ലെ 38/2017/ തൊഴിൽ, തിരുവനന്തപുരം
തീയതി 09.05.2017 പ്രകാരം സെക്യൂരിറ്റി സർവ്വീസിൽ ജോലി ചെയ്യുന്ന തൊഴി
ലാളികൾക്ക് നൽകണ്ടതായ ഏറ്റവും കുറഞ്ഞ കൂലി വ്യവസ്ഥ ചെയ്തിരിക്കു
ന്നതിനാൽ അടിസ്ഥാന വേതനം, ക്ഷാമബത്ത, ഇ.പി.എഫ്, ഇ.എസ്.ഐ മുതലാ
യവ അനുസരിച്ചുള്ള നിരക്കുകളായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ട
ത്. അല്ലാത്ത പക്ഷം ക്വട്ടേഷനുകൾ നിരാകരിക്കുന്നതായിരിക്കും.

3. താൽപ്പര്യമുള്ള ഏജൻസികൾക്ക് മേൽപ്പറഞ്ഞ ഓഫീസുകളിൽ സുരക്ഷാക്രമീ
കരണ ജോലി കരാറടിസ്ഥാനത്തിൽ ഏറ്റെടുത്തു നടത്തുന്നതിന് ഒരു മണി
ക്കൂർ ജോലി ചെയ്യുന്നതിനുള്ള നിരക്കായിരിക്കണം ക്വട്ടേഷനിൽ രേഖപ്പെ
ടുത്തേണ്ടത്. മേൽപ്പറഞ്ഞ പ്രകാരം ക്വട്ടേഷനുകൾ സ്വന്തമായി തയ്യാറാക്കി
അനുബന്ധ രേഖകകൾ സഹിതം കവറിനുള്ളിൽ ആക്കി ഒട്ടിച്ച് സീൽ ചെയ്ത്
നിശ്ചിത സമയത്തിനുള്ളിൽ ഈ ഓഫീസൽ സമർപ്പിക്കണ്ടതാണ്. ക്വട്ടേഷനിൽ
നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം ഒരു മണിക്കൂർ ഡ്യൂട്ടിക്കുള്ള തുക രേഖപ്പെടു
ത്താത്ത ക്വട്ടേഷനുകൾ നിരാകരിക്കുന്നതായിരിക്കും.

4. ക്വട്ടേഷനുകൾ സമർപ്പിക്കുന്ന കവറിന്റെ പുറത്ത് " കരാറടിസ്ഥാനത്തിൽ സുര
ക്ഷാക്രമീകരണ ജോലികൾ ഏറ്റെടുക്കുന്നതിനുള്ള ക്വട്ടേഷൻ " എന്ന് രേഖപ്പെ
ടുത്തിയിരിക്കേണ്ടതാണ്.


ഹെഡ് ആഫീസ് : "ഗോകുലം", പട്ടം പി.ഒ., തിരുവനന്തപുരം - 695 004, കേരള, ഇന്ത്യ.
CIN.U01409KL1975SGC002739, ഫോൺ : 0471 - 2440920, 2449138, ഫാക്സ് : 0471 - 2440673.
ഇ-മെയിൽ : kldboard8@gmail.com, kldboard@kldb.kerala.gov.in വെബ്സൈറ്റ് : *www.livestock.kerala.gov.in*

5. ക്വട്ടേഷനുകൾ സമർപ്പിക്കുന്നതോടൊപ്പം ഏജൻസിയുടെ രജസ്ട്രേഷൻ സംബന്ധിച്ചുള്ള താഴെപ്പറയുന്ന രേഖകളുടെ പകർപ്പുകൾ കൂടി ഉള്ളടക്കം ചെയ്യേണ്ടതാണ്.

a) ഷോപ്പ്സ് &കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മന്റ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ

b) കേന്ദ്ര/ സംസ്ഥാന ലേബർ ഡിപ്പാർട്ടമെന്റിന്റെ രജസ്ട്രേഷൻ സർട്ടിഫിക്കറ്റ്

c) സംസ്ഥാന സർക്കാരിന്റെ പ്രൈവറ്റ് സെക്യൂരിറ്റീസ് ഏജൻസീസ് റെഗുലേഷൻ ആക്ട് 2005 പ്രകാരമുള്ള ലൈസൻസ്.

d) PAN നമ്പർ

e) ESI,EPF,GST,TIN തുടങ്ങിയവയുടെ രജിസ്ട്രേഷൻ നമ്പർ

f) സ്ഥാപനത്തിലെ അവസാനത്തെ മൂന്നു വർഷത്തെ ആഡിറ്റഡ് ബാലൻസ് ഷീറ്റ് സ്റ്റേറ്റ്മേന്റിന്റെ പകർപ്പ്.

g) കറഞ്ഞപക്ഷം 3 പൊതുമേഖലാ /സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള അവസാന മൂന്നു വർഷത്തെ സർവ്വീസ് സംബന്ധിച്ച പെർഫോമൻസ് സർട്ടിഫിക്കറ്റ്.

6. കാരാറുകാരൻ നിയോഗിക്കുന്ന ജോലിക്കാർക്ക് മിനിമം വേതന നിയമമനുസരിച്ച് മിനിമം വേതനവും മറ്റ് ആനുകൂല്യങ്ങളും കരാറുകാരൻ തന്നെ നൽകേണ്ടതാണ്. കരാറുകാരന്റെ ജോലിക്കാരുമായി ബോർഡിന് തൊഴിലാളി - തൊഴിലുടമ ബന്ധം ഉണ്ടായിരിക്കുന്നതല്ല.

7. സെക്യൂരിറ്റി ഗാർഡിന്റെ പേരിൽ EPF, ESI, തുടങ്ങിയ വിഹിതങ്ങൾ ഓരോ മാസവും കൃത്യമായി അടച്ചതിന്റെ രസീതും മിനിമം വേതനം സെക്യൂരിറ്റി ഗാർഡിന് നൽകിയതിന്റെ പേസ്ലിപ് സഹിതം പ്രതിമാസബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം നിയമാനുസൃതമായി പ്രസ്തുത തുക കരാറുകാരനിൽ നിന്നും തൊട്ടടുത്തമാസത്തെ ബില്ലിൽ നിന്നും ഈടാക്കുന്നതും, തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

8. എസ്.എസ്.എൽ.സി പാസ്സായതും സൽസ്വഭാവികളും,ശാരീരിക ക്ഷമതയുള്ളതുമായ വ്യക്തികളെയായിരിക്കണം കരാറുകാരൻ ജോലിക്ക് നിയോഗിക്കേണ്ടത്. കരാറുകാരന്റെ ജീവനക്കാരുടെ വീഴ്ചമൂലം ബോർഡിന് നഷ്ടം വല്ലതുമുണ്ടായാൽ അതു കരാറുകാരിൽ നിന്നും ഈടാക്കുവാൻ ബോർഡിന് അധികാരമുണ്ടായിരിക്കും. 58 വയസ്സിന് മുകളിൽ പ്രായമുള്ള വ്യക്തികളെ ഒഴിവാക്കേണ്ടതാണ്. കരാറുകാരൻ സെക്യൂരിറ്റി ആയി നിയമിക്കുന്ന ജീവനക്കാരന്റെ ബയോഡറ്റ , ഫോട്ടോ മറ്റു അനുബന്ധ തിരിച്ചറിയൽ രേഖ തുടങ്ങിയവ നൽകേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ ജീവനക്കാരെ മാറ്റുന്ന പക്ഷം ബോർഡിനെ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

9. ബോർഡിൽ വ്യന്യസിക്കുന്ന സെക്യൂരിറ്റി ജീവനക്കാർക്ക് പ്രാഥമിക സെക്യൂരിറ്റി പരിശീലനം, ഫസ്റ്റ് എയ്ഡ് ഫയർ & ഫയിറ്റിംഗ്സ് തുടങ്ങിയവയിൽ പരിശീലനം നൽകിയിരിക്കേണ്ടതാണ്

10. ഇതുപ്രകാരമുള്ള കരാറിന് ബോർഡ് നിർദ്ദേശിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലം പ്രാബല്യമുണ്ടായിരിക്കും. ആയതിലേക്ക് ബോർഡ് നിശ്ചയിക്കുന്ന രീതിയിൽ 200 രൂപ മുദ്രപ്പത്രത്തിൽ ഒരു കരാർ വയ്ക്കേണ്ടതാണ്. വാർഷിക്കരാർ തുകയുടെ 5% വരുന്ന തുക ബോർഡിൽ സെക്യൂരിറ്റിയായി ഒടുക്കേണ്ടതാണ്.

11. സെക്യൂരിറ്റി ജോലി ഏറ്റെടുത്ത് നടത്തി മുൻപരിചയമുള്ളവരിൽ നിന്നുമാണ് ക്വട്ടേഷനുകൾ പ്രതീക്ഷിക്കുന്നത്. ക്വാട്ടു ചെയ്തിരിക്കുന്ന തുക ന്യായമാണെന്നും ജോലി തൃപ്തികരമായി ചെയ്യുവാൻ ക്വട്ടേഷൻ നൽകിയ ആളിന് പ്രാപ്തിയുണ്ടെന്നും ബോർഡിന് ബോദ്ധ്യമായാൽ മാത്രമേ കരാർ ഉറപ്പിക്കുകയുള്ളൂ. ക്വട്ടേഷൻ നൽകിയവരുമായി തുക നെഗോസിഷിയേഷൻ നടത്താൻ ബോർഡിന് അധികാരമുണ്ടായിരിക്കും. കാരണം കാണിച്ചോ അല്ലാതെയോ ഏതു ക്വട്ടേഷനും നിരാകരിക്കുവാനും സ്വീകരിക്കുവാനും ബോർഡിന് അധികാരമുണ്ടായിരിക്കും. അതുപോലെ കരാർ ഉറപ്പിക്കുവാനുള്ള ബോർഡിന്റെ അധികാരം ചോദ്യം ചെയ്യപ്പെടാവുന്നതല്ല.

12. പട്ടാള സേവനമോ ,തത്തുല്യമായ സേവനമുള്ളവരെ ലഭ്യമാക്കുന്ന ഏജൻസികൾക്ക് യുക്തമെന്നു തോന്നുന്ന പക്ഷം കരാർ ഉറപ്പിക്കുന്നതിൽ മുൻഗണന നൽകാൻ ബോർഡിന് അധികാരം ഉണ്ടായിരിക്കും.

13. കരാർകാരൻ ജോലികൾ തൃപ്തികരമായി നിർവ്വഹിക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടാൽ 15 ദിവസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതിനും ബോർഡിന് ഉണ്ടാകുന്ന നഷ്ടം കരാറുകാരനിൽ നിന്നും യുക്തമായ രീതിയിൽ ഈടാക്കുന്നതിനും ബോർഡിന് അധികാരം ഉണ്ടായിരിക്കും.

14. ഓരോ മാസത്തേയും കരാർ തുകയ്ക്കുള്ള ബില്ല് തൊട്ടടുത്ത 5-ാം തീയതിയ്ക്കകം ആസ്ഥാന ഓഫീസിനും,കുടപ്പനക്കുന്നിലുള്ള സെന്റർ ഫോർ അപ്ലൈഡ് ലൈവ് സ്റ്റോക്ക് ജീനോമിക്സ് ലാബിനും വെവ്വേറെ തയ്യാറാക്കി രണ്ട് കോപ്പി വീതം ഹാജരാകേണ്ടതാണ്. നിയമാനുസൃതമായ നികുതികൾ (റ്റി.ഡി.എസ്) കിഴിവ് ചെയ്ത് അടയ്ക്കുന്നതായിരിക്കും.

15. ക്വട്ടേഷനോടൊപ്പം 1000 രൂപ നിരതദ്രവ്യം കെ.എൽ.ഡി ബോർഡിന്റെ അക്കൗണ്ടിൽ എസ്.ബി.ഐ ശാഖയിൽ അടച്ച് രസീത് ഉള്ളടക്കം ചെയ്യേണ്ടതാണ്. അക്കൗണ്ട് നമ്പർ ഓഫീസിൽ നിന്നും ലഭിക്കുന്നതായിരിക്കും.

എ) ക്വട്ടേഷൻ സമർപ്പിക്കേണ്ട വിലാസം:

മാനേജിംഗ് ഡയറക്ടർ,
കെ.എൽ.ഡി.ബോർഡ്,
ഗോകുലം, പട്ടം,
തിരുവനന്തപുരം - 695 004

ബി) ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും
**17/08/2018 ഉച്ചക്ക് 1 മണി**

സി) ക്വട്ടേഷൻ തുറക്കുന്നത് 17/08/2018 ഉച്ചയ്ക്ക് 2.30 മണി

16. ഈ ക്വട്ടേഷൻ നോട്ടീസിന്റെ ഒരു പ്രതി ഒപ്പിട്ട് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

17. മറ്റ് സർക്കാർ ക്വട്ടേഷനുകൾ, വ്യവസ്ഥകൾ ഇതിനും ബാധകമാണ്.

-ഒപ്പ്-

മാനേജിംഗ് ഡയറക്ടർ

// അംഗീകാരത്തോടെ//

മാനേജർ (പേഴ്സണൽ)